സംസ്ഥാനത്തെ കാർഷിക മൊത്ത വിപണികൾ

*20 [336] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. ഇ. സി.-യുടെ സഹായത്തോടെ നിർമ്മിച്ച എത്ര കാർഷിക മൊത്ത വിപണികൾ പ്രവർത്തനക്ഷമമാണെന്ന് അറിയിക്കാമോ;

(ബി) ഈ വിപണികളിൽ ഓരോന്നിലും ഈ വർഷം ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ എത്ര തുകയുടെ വ്യാപാരം നടന്നുവെന്ന് വെളിപ്പെടുത്താമോ;

(സി) മാർക്കറ്റ് അതോറിറ്റിക്കും കൃഷി വകുപ്പിനും യഥാക്രമം എന്തു തുക ലാഭം/നഷ്ടം ഉണ്ടായിട്ടുണ്ട്;

(ഡി) ഓരോ കാർഷിക വിപണിയിലും അലോട്ട് ചെയ്യപ്പെടേണ്ടതായ എത്ര സ്റ്റാളുകൾ ഒഴിഞ്ഞു കിടക്കുന്നു എന്ന് അറിയിക്കാമോ;

(ഇ) കാർഷിക വിപണികൾ കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) നാല്, ഇവയിൽ മൂന്നെണ്ണം പൂർണ്ണമായ തോതിലും ഒരെണ്ണം പരീക്ഷണാടിസ്ഥാനത്തിലും പ്രവർത്തനം ആരംഭിച്ചു.

(ബി) ആകെ 1,10,08,143 രൂപയുടെ വ്യാപാരം നടന്നിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ കൊടുത്തിട്ടുണ്ട്. †

(സി) ആറ് മാർക്കറ്റുകളുടെ വിവരം താഴെ ചേർക്കുന്നു:

ആനയറ: ഏകദേശം 95,000 രൂപ പ്രതിമാസം ലാഭമായി ലഭിക്കുന്നു.

നെടുമങ്ങാട്: ലാഭനഷ്ടം കണക്കാക്കിയിട്ടില്ല (22-6-2004-നു പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ).

മൂവാറ്റുപുഴ: 2003-2004-ൽ 74,125 രൂപ നഷ്ടം ഉണ്ടായി.

മരട്: പ്രവർത്തനം ആരംഭിച്ചിട്ടില്ല.

വേങ്ങേരി: വിപണി പൂർണ്ണമായും പ്രവർത്തനസജ്ജമായിട്ടില്ല. എന്നാൽ ഏലം ലേലത്തിൽ സെസ്സായി 15,659 രൂപ ലഭിച്ചിട്ടുണ്ട്.

സുൽത്താൻ ബത്തേരി: പ്രവർത്തനം ആരംഭിച്ചിട്ടില്ല.

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(ഡി)	ആനയറ	..	ഇല്ല.
	നെടുമങ്ങാട്	..	25
	മൂവാറ്റുപുഴ	..	38
	മരട്	..	132
	വേങ്ങേരി	..	76
	സുൽത്താൻബത്തേരി	..	20

(ഇ) സ്വീകരിച്ചുവരുന്നുണ്ട്.

വെളിച്ചെണ്ണയ്ക്ക് അയൽ സംസ്ഥാനത്തിന് തുല്യമായ വിൽപ്പന നികുതി ഏർപ്പെടുത്താൻ നടപടി

*21 [337] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വെളിച്ചെണ്ണയ്ക്ക് ഏർപ്പെടുത്തിയ വിൽപ്പന നികുതി എത്രയാണ്;

(ബി) അവ അയൽ സംസ്ഥാനത്തിൽ ഏർപ്പെടുത്തിയ വിൽപ്പന നികുതിയെക്കാൾ കൂടുതലാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വെളിച്ചെണ്ണയ്ക്ക് അയൽ സംസ്ഥാനങ്ങൾക്ക് തുല്യമായ വിൽപ്പന നികുതി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) വെളിച്ചെണ്ണയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള വിൽപ്പന നികുതി 4 ശതമാനമാണ്.

(ബി) നികുതി നിരക്ക് അന്യ സംസ്ഥാനങ്ങളെക്കാൾ കൂടുതലാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരളത്തിൽ ചുമത്തിയിട്ടുള്ള കേന്ദ്ര വിൽപ്പന നികുതി നിരക്ക് കൂടുതലാണെന്നുള്ള നിവേദനം പരിഗണിച്ച് ആയത് ഈ വർഷത്തെ ബജറ്റിൽ 2 ശതമാനത്തിൽനിന്ന് 1 ശതമാനമായി കുറച്ചിട്ടുണ്ട്.

(സി) മിക്ക പദാർത്ഥങ്ങൾക്കും ദേശീയ തലത്തിൽ ധനകാര്യമന്ത്രിമാരുടെ ഉന്നതാധികാര സമിതി നിശ്ചയിച്ചിട്ടുള്ള തറ നിരക്കുകൾ ആണ് ഇപ്പോൾ നിലവിലുള്ളത്. വെളിച്ചെണ്ണയുടെ നികുതി നിരക്കിൽ മാറ്റം ആവശ്യമുണ്ടോ എന്നത് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരം *20 (336) കാണുക]

വിപണികളിൽ നടന്ന വ്യാപാരത്തിന്റെ വിശദവിവരം

വ്യാപാരത്തിന്റെ അളവ്

ക്രമ നമ്പർ	വിപണി	ഫെബ്രുവരി 2004	മാർച്ച് 2004	ഏപ്രിൽ 2004	റിമാർക്സ്
1	ആനയറ	24.6 ലക്ഷം	42.1 ലക്ഷം	33.15 ലക്ഷം	..
2	നെടുമങ്ങാട്	..	..	..	22-6-2004-ന് മാത്രമേ പ്രവർത്തനം ആരംഭിച്ചുള്ളൂ
3	മൂവാറ്റുപുഴ	42,000 രൂപ	2,00,000 രൂപ	90,000 രൂപ	..
4	മരട്	..	..	..	പ്രവർത്തനം ആരംഭിച്ചിട്ടില്ല
5	ബത്തേരി	..	..	..	,,
6	വേങ്ങേരി	2,53,761	3,41,349	96,033	ഏലം ലേലം നടത്തിയ കണക്കാണ്

അനുബന്ധം VII

[നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം 8 (1977) കാണുക]

Sl. No.	*Name of Public Sector Undertakings*	*The amount guaranteed by Government ₹ (in crores)*
(1)	(2)	(3)
1	Plantation Corporation of Kerala Ltd. ..	15
2	Kerala State Backward Deveolopment Corporation ..	93
3	KUDFC ..	28
4	Kerala State Housing Board ..	480
5	Kerala State Women's Development Corporation ..	21.5
6	CIAL ..	18.99
7	Steel Complex Limited ..	22

LIBRARY ARCHIVES Kerala Legislative Assembly